"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കോട്ടയം ഡിഎച്ച്ക്യൂ-വിലെ CPO K 8856 ശ്രീ.അനൂപ് മോഹൻ മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1386/2026/HOME തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-
1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 24/01/2026 തീയതിയിലെ ഇ5-4710/2026/PHQ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ഡിഎച്ച്ക്യൂ-വിലെ CPO K 8856 ശ്രീ.അനൂപ്മോഹൻ 08/10/2025-ന് ഡ്യൂട്ടി കഴിഞ്ഞ് തിരികെ വീട്ടിലേക്ക് പോകുന്ന വഴി വാഹനാപകടത്തിൽപെട്ട് ചികിത്സയിലായിരുന്ന 08/10/2025 തീയതി മുതൽ 12/12/2025 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്നഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് പരാമർശം (2)പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.അനൂപ് മോഹന് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്നും ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 13/12/2025-ൽ തിരികെ ജോലിയിൽ പ്രവേശിച്ചുണ്ടെന്നും കോട്ടയം ജില്ലാ പോലീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോട്ടയം ഡിഎച്ച്ക്യൂ-വിലെ CPO K 8856 ശ്രീ.അനൂപ് മോഹന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 09/10/2025 തീയതി മുതൽ 12/12/2025 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.അനൂപ് മോഹൻ, CPO K 8856 (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sini George

Date: 21-04-2026 09:54:35